**പതിനാലാം കേരള നിയമസഭ**

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 794 **1.03.2017**-ലെ മറുപടിക്ക്

**<u>പട്ടികജാതി വിഭാഗക്കാർക്ക് ഭവന നിർമ്മാണത്തിനുള്ള ധനസഹായം</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ഡോ. എൻ ജയരാജ്**<br>**ശ്രീ.റോഷി അഗസ്റ്റിൻ** | | **ശ്രീ. എ.കെ.ബാലൻ**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഭവന നിർമ്മാണത്തിന് നിലവിൽ എത്ര തുകയാണ് നൽകി വരുന്നതെന്നും അപേക്ഷാ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ; | (എ) | സ്വന്തമായി ഭൂമിയുള്ള ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 3,00,000/- രൂപയും ദുർബല വിഭാഗ ഭവന പുനരധിവാസ പദ്ധതി പ്രകാരം 3,50,000/- രൂപയും നൽകിവരുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാക്കുന്ന ഗുണഭോക്തൃ ലിസ്റ്റ്, മുൻ വർഷങ്ങളിൽ വകുപ്പ് മുഖേന ഭൂമി ലഭിച്ചവർ, നേരിട്ട് ലഭ്യമാക്കുന്ന അപേക്ഷകൾ എന്നിവയുടെ അടിസ്ഥാനത്തിൽ ബ്ലോക്ക്/ മുൻസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിൽ ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുകയും ഇ-ഹൗസിംഗ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി ബാങ്ക് അക്കൗണ്ട് മുഖേന ധനസഹായം വിതരണം നടത്തുകയും ചെയ്യുന്നു. നിശ്ചിത മാതൃകയിലുള്ള അപേക്ഷയോടൊപ്പം ജാതി,വരുമാനം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ ധനസഹായം ലഭിച്ചിട്ടില്ലെന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള സാക്ഷ്യപത്രം, |

| | | | |
|---|---|---|---|
| | | | കൈവശാവകാശ രേഖ, തിരിച്ചറിയൽ രേഖകൾ എന്നിവ ഹാജരാക്കേണ്ടതാണ്. |
| (ബി) | നിർമ്മാണ സാമഗ്രികളിലും കൂലിയിലും വന്ന പ്രകടമായ വ്യത്യാസം മൂലം പ്രസ്തുത തുക പര്യാപ്തമല്ലായെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | പ്രസ്തുത തുക കാലാനുസൃതമായി പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | ഇക്കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ